**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 353** **22-02-2022 - ൽ മറുപടിയ്ക്ക്**

**കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശവകുപ്പ് ഏകീകരണം നടപ്പിലാക്കുന്നതുവഴി കെട്ടിടനിർമ്മാണ അപേക്ഷകളിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | തദ്ദേശ വകുപ്പ് ഏകീകരണം മൂലം കെട്ടിട നിർമ്മാണ ചട്ടത്തിൽ ഒരു മാറ്റവും വരുന്നില്ല. കെട്ടിടനിർമ്മാണ ചട്ടം പ്രകാരം കെട്ടിട നിർമ്മാണ അനുമതി നൽകുന്നത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ്. കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് നിലവിലെ രീതി തന്നെ തുടരുന്നതാണ്. |
| (ബി) | പ്രായോഗികമായ രീതിയിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ നടപ്പിലാക്കുന്നതുസംബന്ധിച്ച് തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് പദ്ധതിയുണ്ടോ എന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ; | (ബി) | കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുള്ളതാണ്. ആവശ്യമാണെന്നു തോന്നുന്ന പക്ഷം ഇനിയും പരിശീലനം നൽകുന്നതായിരിക്കും. |
| (സി) | പഞ്ചായത്തുകളിൽ ഏരിയ നിബന്ധനയില്ലാതെ എല്ലാ കെട്ടിടങ്ങൾക്കുമുള്ള നിർമ്മാണ അനുമതി അതത് പഞ്ചായത്ത് സെക്രട്ടറി തന്നെയാണോ നൽകേണ്ടത് എന്ന് വെളിപ്പെടുത്തുമോ; | (സി) | പഞ്ചായത്തുകളിൽ ഏരിയ നിബന്ധനയില്ലാതെ എല്ലാ കെട്ടിടങ്ങൾക്കുമുള്ള നിർമ്മാണ അനുമതി അതത് പഞ്ചായത്ത് സെക്രട്ടറി തന്നെയാണ് നല്കേണ്ടത്. |
| (ഡി) | കെട്ടിടനിർമ്മാണ ചട്ട ലംഘനമുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് നിലവിൽ സാധ്യമാണോ എന്നത് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ; | (ഡി) | സംസ്ഥാനത്ത് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ അനധികൃതമായി നിർമ്മാണം നടത്തിയ കെട്ടിടങ്ങൾ നിബന്ധനകൾക്ക് വിധേയമായി നിർമ്മാണം ക്രമവത്ക്കരിച്ച് നൽകുന്നതിനായി G.O.(P)No.12/ 2018/LSGD, G.O.(P)No.11/2018/LSGD dated 15/02/2018 നമ്പർ വിജ്ഞാപനം പ്രകാരം 2018-ലെ കേരള പഞ്ചായത്ത്/ മുനസിപ്പാലിറ്റി (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾക്ക് രൂപം നൽകിയിരുന്നു. ടി ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം 90 ദിവസമായിരുന്നു പ്രസ്തുത സൗകര്യം ലഭ്യമാക്കുന്നതിനുള്ള സമയപരിധി. മേൽ സമയപരിധി 30.09.2021 വരെ ദീർഘിപ്പിച്ച് കൊണ്ട് G.O.(P)No.40/2021/LSGD, G.O. |

| | | | |
|---|---|---|---|
| | | | (P)No.41/2021/LSGD dated 16/08/2021 ആയി ചട്ടം ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്ന-തുമാണ്. നിലവിൽ ടി ചട്ടങ്ങൾ പ്രകാരം ചട്ടലംഘനമുള്ള കെട്ടിടങ്ങൾ ക്രമവത്ക്കരിക്കാൻ കഴിയില്ല. |
| (ഇ) | ജീവനക്കാർക്ക് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ സംശയമുള്ള പക്ഷം സമീപിക്കേണ്ടത് ഏത് ഓഫീസിനെയാണെന്ന് വ്യക്തമാക്കാമോ? | (ഇ) | 2019-ലെ കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 109 പ്രകാരം ടി ചട്ടത്തിന്റെ വ്യാഖ്യാനത്തിലോ ഏതെങ്കിലും വ്യവസ്ഥയിലോ എന്തെങ്കിലും സംശയം ഉണ്ടായാൽ സംശയം ദൂരീകരിക്കുവാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്. എന്നാൽ വ്യാഖ്യാനത്തിൽ കൃത്യതയുള്ള ചട്ടങ്ങളിലെ സംശയങ്ങൾ ദൂരീകരിക്കുന്നതിന് മുഖ്യനഗരാസൂത്രകനെ സമീപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ